**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2182**

**16.08.2017 ൽ മറുപടിയ്ക്ക്**

## മാനന്തവാടിയിൽ നടത്തിയ അഗ്രിഫെസ്റ്റ്

**ചോദ്യം**
**ശ്രീ. ഒ.ആർ. കേളു**

**മറുപടി**
**ശ്രീ.എ.സി. മൊയ്തീൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് യുവജനകാര്യ വകുപ്പ് മാനന്തവാടിയിൽ അഗ്രിഫെസ്റ്റ് എന്ന പരിപാടി നടത്തിയിരുന്നോ ; | (എ) & (ബി) | മുൻ സർക്കാരിന്റെ കാലത്ത് 2015 ജനുവരി 10 മുതൽ 17 വരെ വയനാട് ജില്ലയിലെ മാനന്തവാടിയിൽ വച്ച് വിവിധ വകുപ്പുകളുമായി സഹകരിച്ച് അഗ്രി ഫെസ്റ്റ് സംഘടിപ്പിച്ചത് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിലായിരുന്നു. ടി മേളയുടെ ഭാഗമായി യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ട്രൈബൽ ഫെസ്റ്റ് നടത്തിയിരുന്നു. നാടൻപാട്ട്, തെയ്യം, നൃത്തസന്ധ്യ, ഗാനമേള, മാജിക് ഷോ, ഡോക്യുമെന്ററി, പൂരക്കളി, ഗദ്ദിക, തുടങ്ങിയ സാംസ്കാരിക പരിപാടികളാണ് ട്രൈബൽ ഫെസ്റ്റിൽ യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചത്. |
| (ബി) | ഈ പരിപാടിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു? | | |
| (സി) | ഈ പരിപാടിയുടെ വരവുചെലവ് കണക്കുകൾ വകുപ്പ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ടോ ; | (സി) | യുവജനക്ഷേമ ബോർഡ് അഗ്രിഫെസ്റ്റിനോട നുബന്ധിച്ച് സംഘടിപ്പിച്ച ട്രൈബൽ ഫെസ്റ്റിന് അനുവദിച്ച തുകയുടെ കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. |
| (ഡി) | എത്ര രൂപയാണ് ഈ പരിപാടിക്കായി വകുപ്പ് ചെലവഴിച്ചിട്ടുള്ളത് ; | (ഡി) | 19,81,654/- രൂപയാണ് (പത്തൊൻപത് ലക്ഷത്തി എൺപത്തി ഒന്നായിരത്തി അറുനൂറ്റി അൻപത്തി നാല് രൂപ മാത്രം) യുവജനക്ഷേമ ബോർഡ് ആകെ ചെലവഴിച്ചിട്ടുള്ളത്. ഇതിൽ 10 ലക്ഷം രൂപ അഗ്രിഫെസ്റ്റിനായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് അനുവദിക്കുകയും ബാക്കി തുകയായ 9,81,654/-രൂപ(ഒൻപത് ലക്ഷത്തി എൺപത്തി ഒന്നായിരത്തി അറുനൂറ്റി അൻപത്തി നാല് രൂപ മാത്രം) യൂത്ത് വെൽഫയർ ബോർഡ് ട്രൈബൽ ഫെസ്റ്റിന് ചെലവഴിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ഇ) | എന്തെല്ലാം കാര്യങ്ങൾക്കാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത് ; | (ഇ) | ട്രൈബൽ ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ച കലാപരിപാടികൾക്കുള്ള പ്രതിഫലം, യാത്രാബത്ത, ഭക്ഷണം എന്നീ ഇനങ്ങളിലാണ് യുവജനക്ഷേമ ബോർഡ് തുക ചെലവഴിച്ചത്. |
| (എഫ്) | ഈ പരിപാടിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ ; വ്യക്തമാക്കുമോ? | (എഫ്) | ചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് അനുവദിച്ച തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധന നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ